**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com
Mob: 828107070785

തിയതി: 11-11-2021

**ഹജ്ജ് 2022**

**കരിപ്പൂർ ഹജ്ജ് സേവന കേന്ദ്രം ഉദ്ഘാനം ചെയ്തു**

കരിപ്പൂർ: ഹജ്ജ് 2022 അപേക്ഷകർക്കായി സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ രണ്ടാമത് സേവന കേന്ദ്രം കരിപ്പൂർ ഹജ്ജ് ഹൗസ് ക്യാമ്പസ്സിൽ ബഹു. ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. സേവന കേന്ദ്രത്തിലെ ആദ്യ അപേക്ഷ ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസി, മെമ്പർ അഡ്വ. മൊയ്തീൻകുട്ടി എന്നിവർ ചേർന്ന് സ്വീകരിക്കുകയും ചെയ്തു.

കരിപ്പൂർ ഹജ്ജ് ഹൗസ് ക്യാമ്പസ്സിൽ ഹജ്ജ് കമ്മിറ്റി മെമ്പര് അഡ്വ. മൊയ്തീൻകുട്ടി യുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഹജ്ജ് കമ്മിറ്റി മെമ്പർ അക്ബർ പി. ടി. ആശംസ നേർന്നു. അസി. സെക്രട്ടറി എൻ മുഹമ്മദലി മാവൂർ സ്വാഗതം പറഞ്ഞു .

മാസ്റ്റർ ട്രെയിനർ മുജീബ് വടക്കേമണ്ണ, ജില്ലാ ട്രെയിനർ റഊഫ്, അസി. ട്രെയിനർ തറയിട്ടാൽ ഹസൻ സഖാഫി, കോഓർഡിനേറ്റർ അഷ്റഫ് അരയൻകോട്, അസൈൻ കുന്നമംഗലം തുടങ്ങിയവർ സംസാരിച്ചു. എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണിമുതൽ സേവന കേന്ദ്രം പ്രവർത്തിക്കും.

കൂടുതൽ വിവരങ്ങൾക്ക് **0483 2710717, 0483 2717572** നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)

അസിസ്റ്റൻറ് സെക്രട്ടറി